# എറണാകുളം മിസ്സം
# ERNAKULAM MISSAM
English & Malayalam Monthly

Vol. No. 69 Issue No. 03 March 2026 Rs. 15/-







**മാർച്ച് 19-ാം തീയതി**
**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന**
**ആർച്ചുബിഷപ്പ് ജോസഫ് പാംപ്ലാനി പിതാവിന്**
**എറണാകുളം - അങ്കമാലി അതിരൂപതയുടെ**
**പ്രാർത്ഥനാശംസകൾ!!!**

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 69 Issue No. 3 March 2026 Rs. 15/-






4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. നോമ്പുകാല സന്ദേശം - ലിയോ പാപ്പാ

9. കച്ചേരിക്കാര്യം

19. നിര്യാതരായി

22. Dept. of Archdiocesan Public Relations

23. Metropolitan Tribunal

24. വാർത്തകളും വിശേഷങ്ങളും

26. ഫാമിലി അപ്പോസ്റ്റലേറ്റ്

27. വിശ്വാസപരിശീലന കേന്ദ്രം

29. ചിറ്റൂർ ധ്യാനകേന്ദ്രം

30. നൈപുണ്യ ഇന്റർനാഷണൽ

31. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

33. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906


**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mampilly Joseph, N. Parur | 1886 | 1915 | 1-3-1935 |
| Fr. Thelakkat Xavier, East Cheranalloor | 1966 | 1993 | 1-3-2018 |
| Fr. Karedan Thomas, Muringoor | 1913 | 1937 | 6-3-1985 |
| Fr. Puduchery Thomas, Edad | 1926 | 1955 | 7-3-2008 |
| Fr. Kadavil Valiya Mathew, Pallipuram | 1884 | 1913 | 8-3-1964 |
| Fr. Elamkunnapuzha Paul, N. Parur | 1879 | 1905 | 8-3-1969 |
| Fr. Puthenkary John, Uzhuva | 1903 | 1933 | 9-3-1971 |
| Fr. Parayil Joseph, Vechoor | 1902 | 1929 | 10-3-1966 |
| Fr. Maniamkot Varghese, Chethikode | 1872 | 1897 | 12-3-1950 |
| Fr. Kavalakkatt Joseph, Kadukutty | 1869 | 1920 | 12-3-1955 |
| Fr. Kavalakkatt Antony, Annanad | 1940 | 1968 | 13-3-2017 |
| Fr. Thottappilly Joseph, Kaippattoor | 1931 | 1960 | 15-3-2012 |
| Fr. Pazhemadom Varghese, Vallakom | 1926 | 1954 | 16-3-2005 |
| Fr. Kottakal Joseph, Kavaraparambu | 1935 | 1961 | 16-3-2021 |
| Fr. Edangarpilly Jacob, Kumbalam | 1882 | 1911 | 22-3-1952 |
| Fr. Pulikalan Joseph, Cheranalloor | 1864 | 1889 | 23-3-1942 |
| Fr. Thazhathu John, Kothavara | 1891 | 1919 | 23-3-1983 |
| Mar Antony Cardinal Padiyara, Manimala | 1921 | 1945 | 23-3-2000 |
| Fr. Thenayan Thomas, Kanjoor | 1930 | 1959 | 24-3-2015 |
| Fr. Mampilly Kuriakose, Narakkal | 1951 | 1976 | 24-3-2017 |
| Fr. Parappuram Joseph, Amballoor | 1953 | 1978 | 27-3-2022 |
| Fr. Pollechira John, Cherthala | 1951 | 1977 | 28-3-2024 |
| Fr. Maniamkot John, Chethikode | 1880 | 1912 | 29-3-1945 |
| Fr. Vadapuram Joseph, Chalil | 1932 | 1962 | 29-3-1997 |
| Fr. Chiramel George, Manjapra | 1916 | 1947 | 30-3-2010 |
| Fr. Malamel Gheevarghese, South Parur | 1854 |  | 31-3-1906 |
| Fr. Koikara Joseph, Puthenpally | 1889 | 1915 | 31-3-1950 |

# പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പായുടെ നോമ്പുകാലസന്ദേശം



**ശ്രവണത്തിന്റെയും ഉപവാസത്തിന്റെയും മാനസാന്തരത്തിന്റെയും സമയമായ നോമ്പുകാലം**

പ്രിയ സഹോദരീസഹോദരന്മാരേ,

മാതൃസഹജമായ കരുതലാൽ പ്രചോദിതയായി ദൈവത്തിന്റെ രഹസ്യം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാക്കി തീർക്കാനുള്ള ക്ഷണവുമായി സഭ നില്ക്കുന്ന സമയമാണ് നോമ്പുകാലം. അതിന്റെ ലക്ഷ്യം നമ്മുടെ വിശ്വാസത്തിന്റെ നവീകരണവും നമ്മുടെ ഹൃദയങ്ങൾ ദൈനംദിനജീവിതത്തിന്റെ ഉത്കണ്ഠകളാലും ശ്രദ്ധ വ്യതിചലിക്കലുകളാലും ഗ്രസിക്കപ്പെടാതിരിക്കുകയും ചെയ്യുക എന്നതത്രേ.

മാനസാന്തരത്തിന്റെ ഓരോ വഴിയും ആരംഭിക്കുന്നത് നമ്മുടെ ഹൃദയങ്ങൾ ദൈവവചനത്താൽ സ്പർശിക്കപ്പെടാൻ അനുവദിക്കുകയും ആ വചനത്തെ അനുഭാവമുള്ള ചൈതന്യത്താൽ സ്വാഗതം ചെയ്യുകയും ചെയ്യുമ്പോഴാണ്. വചനവും അതിന്റെ സ്വീകരണവും അതു വരുത്തിവെക്കുന്ന പരിവർത്തനവും തമ്മിൽ യഥാർഥ ബന്ധമുണ്ട്. ഇക്കാരണത്താൽ, തപസ്സുകാലതീർത്ഥാടനം കർത്താവിന്റെ സ്വരം ശ്രവിക്കാനും ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നതിനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത പരിഷ്കരിക്കാനുമുള്ള സ്വീകാര്യമായ അവസരമാണ്; അത് ജറുസലേമിലേക്കുള്ള വഴിയിൽ അവിടുത്തെ അനുഗമനം ചെയ്യുക എന്നതാണ്; അവിടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യം പൂർത്തീകരിക്കപ്പെടും.

**ശ്രവണം**

ശ്രവിക്കുന്നതുവഴിയാണ് നാം വചനത്തിന് ഇടംനല്കുന്നത് എന്നതാണ് ഈ വർഷം ഒന്നാമത്തെ ചിന്തയായി ഞാൻ പങ്കുവയ്ക്കുന്നത്. ഒരാളെ ശ്രവിക്കാനുള്ള സന്നദ്ധതയാണ് നാം ആരെങ്കിലുമായി ബന്ധത്തിൽ ആയിരിക്കാൻ താത്പര്യപ്പെടുന്നു എന്നതിന്റെ ആദ്യലക്ഷണം.

എരിഞ്ഞടങ്ങാത്ത മുൾപ്പടർപ്പിൽനിന്നു മോശയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട്, തന്നെ നിർവചിക്കുന്ന ലക്ഷണങ്ങളിൽ ഒന്ന് ശ്രവണമാണെന്ന് ദൈവം നമ്മെ പഠിപ്പിക്കുന്നു: “ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ദുരിതം ഞാൻ കാണുകതന്നെ ചെയ്തിരിക്കുന്നു. അവരുടെ രോദനം ഞാൻ

കേട്ടിരിക്കുന്നു" (പുറ 3:7). അടിച്ചമർത്തപ്പെട്ടവരുടെ രോദനം കേൾക്കുന്നത് വിമോചനത്തിന്റെ കഥയുടെ ആരംഭമാണ്; അങ്ങനെയാണ് കർത്താവ് മോശയെ വിളിക്കുകയും അടിമത്തത്തിലേക്കു വലിച്ചിഴയ്ക്കപ്പെട്ട തന്റെ മക്കൾക്കു രക്ഷയുടെ വഴിതുറന്നുകൊടുക്കാൻ മോശയെ അയയ്ക്കുകയും ചെയ്യുന്നത്.

നമ്മുടെ ദൈവം നമ്മെയും കൂടെനിർത്താൻ താത്പര്യപ്പെടുന്നവനാണ്. ഇന്നും തന്റെ ഹൃദയത്തിലുള്ളത് അവിടന്ന് നമ്മോടു പങ്കുവയ്ക്കുന്നു. ഇക്കാരണത്താൽ, ആരാധനക്രമത്തിൽ വചനം ശ്രവിക്കുന്നതുവഴിയായി യാഥാർഥ്യത്തിന്റെ സത്യം എന്താണെന്ന് ശ്രവിക്കാൻ അത് നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ വ്യക്തിജീവിതങ്ങളിലും സമൂഹത്തിലുമുള്ള നിരവധി സ്വരങ്ങളുടെ മധ്യേ വേദന നിറഞ്ഞവരും സഹിക്കുന്നവരുമായുള്ളവരുടെ രോദനം തിരിച്ചറിയാനും അതിനോടു പ്രതികരിക്കാനും വിശുദ്ധലിഖിതം നമ്മെ സഹായിക്കുന്നു. ശ്രവിക്കാനുള്ള ആന്തരിക തുറവി പരിപോഷിപ്പിക്കാനായി എപ്രകാരമാണ് ശ്രവിക്കേണ്ടതെന്നു നമ്മെ പഠിപ്പിക്കാൻ ദൈവത്തെ അനുവദിക്കണം, അവിടുന്ന് തന്നെ ശ്രവിക്കുന്നതുപോലെ. "മാനവചരിത്രത്തിൽ ദരിദ്രരുടെ അവസ്ഥ ഒരു വിലാപം ആണ്. അത് നിരന്തരം നമ്മുടെ ജീവിതങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രീയ, സാമ്പത്തിക സംവിധാനങ്ങളെയും, അങ്ങേയറ്റം സഭയെയും വെല്ലുവിളിക്കുന്നു."

**ഉപവാസം**

തപസ്സുകാലം ശ്രവണത്തിന്റെ സമയമാണെങ്കിൽ, ദൈവവചനം സ്വീകരിക്കാനായി നമ്മെ ഒരുക്കുന്ന ഒരു മൂർത്തമായ മാർഗമാണ് ഉപവാസം. ഭക്ഷണം ഉപേക്ഷിക്കുക എന്ന പുരാതന സന്യാസപ്രവർത്തനശൈലി (ancient ascetic practice) മാനസാന്തരത്തിന്റെ പാതയിൽ അവശ്യംവേണ്ട ഒന്നാണ്. ഉപവാസം ശരീരത്തെ സംബന്ധിച്ചുള്ളതാണ്; അതിനാൽ, എന്തിനുവേണ്ടിയാണ് നമുക്ക് വിശപ്പും ദാഹവും ഉള്ളതെന്നും, എന്താണ് നമ്മുടെ ജീവൻ നിലനിന്നുപോകാൻ നമുക്ക് ആവശ്യമുള്ളതായി തോന്നുന്നതെന്നും മനസ്സിലാക്കാൻ ഉപവാസം നമ്മെ സഹായിക്കുന്നു. മാത്രമല്ല, നമ്മുടെ "ഭക്ഷണേച്ഛകൾ" (appetites) തിരിച്ചറിയാനും അവ ക്രമപ്പെടുത്താനും നമ്മെ സഹായിക്കുന്നു. അതുപോലെ നീതിക്കായുള്ള നമ്മുടെ വിശപ്പും ദാഹവും സജീവമാക്കി നിർത്തുന്നതിനും നമ്മെ അമിതാത്മവിശ്വാസത്തിൽനിന്ന് (from complacency) മോചിപ്പിക്കുന്നതിനും സഹായകമാകുന്നു. അത് നമ്മെ പ്രാർഥിക്കാനും നമ്മുടെ അയൽക്കാരനോട് ഉത്തരവാദിത്വപൂർവം പെരുമാറാനും പഠിപ്പിക്കുന്നു.

തന്റെ ആത്മീയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ, വിശുദ്ധ അഗസ്റ്റിനോസ്, ഈ കാലഘട്ടത്തിലെ ഇപ്പോഴത്തെ നിമിഷവും ഭാവിയിലെ സാക്ഷാത്കാരവും തമ്മിലുള്ള സംഘർഷം എന്താണെന്ന് മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു; അത് നമ്മുടെ ഹൃദയത്തിന്റെ സൂക്ഷിപ്പിന്റെ ഭാഗമാണ്. അദ്ദേഹം പറയുന്നു: "ഈ ഭൂമിയിലെ ജീവിതത്തിന്റെ കാലഘട്ടത്തിൽ സ്ത്രീപുരുഷ

ന്മാരുടെ ഉത്തരവാദിത്വമാണ് നീതിക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുക എന്നത്; എന്നാൽ അത് ശമിപ്പിക്കപ്പെടുന്നത് അടുത്ത ലോകത്തിലാണ്. മാലാഖമാർ ഈ അപ്പംകൊണ്ട്, ഈ ഭക്ഷണം കൊണ്ട്, സംതൃപ്തരാക്കപ്പെടുന്നു. മറുവശത്ത്, മനുഷ്യരാശിയാകട്ടെ അതിനായി വിശപ്പ് അനുഭവിക്കുന്നു; നാമെല്ലാവരും ആഗ്രഹത്താൽ അതിലേക്കു നയിക്കപ്പെടുന്നു. ആഗ്രഹത്താലുള്ള ഈ എത്തിനില്ക്കൽ ആത്മാവിനെ വിസ്തൃതമാക്കുന്നു (expands); അതിന്റെ പ്രാപ്തി (capacity) വർധമാനമാക്കുകയും ചെയ്യുന്നു.” ഈ രീതിയിൽ മനസ്സിലാക്കപ്പെടുമ്പോൾ, ഉപവാസം നമ്മുടെ ആഗ്രഹത്തെ ശുദ്ധിവരുത്തി അതിനെ കൂടുതൽ സ്വതന്ത്രമാക്കി നിയന്ത്രിക്കാൻ അനുവദിക്കുന്നതോടൊപ്പം അതിനെ വിപുലമാക്കാനും അങ്ങനെ ദൈവത്തിലേക്കു തിരിക്കാനും നന്മചെയ്യാനും പ്രാപ്തമാക്കുന്നു.

എന്നാൽ, സുവിശേഷാത്മക ചൈതന്യമനുസരിച്ച് ഉപവാസം അനുഷ്ഠിക്കാനും അത് അഹംഭാവം എന്ന പ്രലോഭനത്തിലേക്കു നയിക്കാതിരിക്കാനും ഇടവരണമെങ്കിൽ അത് വിശ്വാസത്തിലും വിനയത്തിലുമാണ് നടത്തേണ്ടത്. കർത്താവുമായുള്ള കൂട്ടായ്മയിൽ ആയിരിക്കണം അത് അടിസ്ഥാനപ്പെടുത്തേണ്ടത്; എന്തെന്നാൽ, “ദൈവവചനത്താൽ സ്വയം പരിപോഷിതരാകാൻ സാധിക്കാത്തവർക്ക് ശരിയായ രീതിയിൽ ഉപവസിക്കാനാവില്ല.'' പ്രസാദവരത്തിന്റെ സഹായത്താൽ പാപത്തിലും തിന്മയിലും നിന്ന് ഒഴിഞ്ഞിരിക്കാനുള്ള നമ്മുടെ ആന്തരിക പ്രതിജ്ഞാബദ്ധതയുടെ പ്രത്യക്ഷമായ അടയാളമായി ആചരിക്കുന്ന ഉപവാസം കൂടുതൽ സമചിത്തമായ ഒരു ജീവിതശൈലി നേടിയെടുക്കാനുള്ള ലക്ഷ്യത്തിനു സഹായകമായ സ്വയനിഗ്രഹത്തിന്റെ ഇതര രൂപങ്ങളും ഉൾക്കൊള്ളുന്നതാകണം; കാരണം “തീവ്രവിരക്തി (austerity) മാത്രമാണ് ക്രൈസ്തവ ജീവിതം ബലമുള്ളതും ആധികാരികവും ആക്കിത്തീർക്കുന്നത്.”

ഈ അർഥത്തിൽ, വളരെ പ്രായോഗികവും സാധാരണ രീതിയിൽ കാര്യമായി വിലകല്പിക്കപെടാത്തതുമായ ഒരു വർജനമാർഗത്തിലേക്കു ഞാൻ നിങ്ങളെ ക്ഷണിക്കാൻ ഉദ്ദേശിക്കുന്നു: നമ്മുടെ അയൽക്കാരനെ അവഹേളിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുന്ന വാക്കുകളിൽനിന്ന് ഒഴിഞ്ഞിരിക്കുക. നമുക്ക് നമ്മുടെ ഭാഷ നിരായുധീകരിച്ചുകൊണ്ട് ആരംഭിക്കാം; അതായത്, പരുഷമായ വാക്കുകളും വിവേകരഹിതമായ വിധിപറച്ചിലും പരദൂഷണവും ഒഴിവാക്കാം; സന്നിഹിതരല്ലാത്തവർക്കും സ്വയം പ്രതിരോധിക്കാൻ കഴിയാത്തവർക്കും എതിരായി സംസാരിക്കാതിരിക്കാം. അതിനുപകരം നമ്മുടെ കുടുംബങ്ങളിലും സുഹൃത്തുക്കളുടെ ഇടയിലും ജോലിസ്ഥലത്തും സമൂഹമാധ്യമങ്ങളിലും രാഷ്ട്രീയസംവാദങ്ങളിലും മാധ്യമങ്ങളിലും ക്രൈസ്തവസമൂഹങ്ങളിലും നമുക്ക് നമ്മുടെ വാക്കുകൾ അളന്ന് നിശ്ചയിച്ച് ഉപയോഗിക്കുകയും ദയയും ബഹുമാനവും പരിശീലിക്കുകയും ചെയ്യാം. ഈ രീതിയിൽ വെറുപ്പിന്റെ വാക്കുകൾക്കു പകരം പ്രത്യാശയുടെയും സമാധാനത്തിന്റെയും വാക്കുകൾ പുലരും.

**ഒരുമിച്ച്**

അവസാനമായി, നോമ്പുകാലം വചനശ്രവണത്തിന്റെയും ഉപവാസത്തിന്റെയും സാമൂഹ്യതലത്തിന് ഊന്നൽനല്കുന്നു. വിവിധങ്ങളായ മാർഗങ്ങളിലൂടെ ബൈബിൾതന്നെയും ഈ തലത്തിന് അടിവരയിടുന്നു. ഉദാഹരണത്തിന്, നിയമപുസ്തകത്തിന്റെ പൊതുവായ വായനയ്ക്ക് ജനം ഒരുമിച്ചു കൂടിയതിന്റെ വിവരണം നെഹെമിയായുടെ പുസ്തകം നല്കുന്നു. ദൈവവുമായുള്ള ഉടമ്പടിയുടെ നവീകരണത്തിനായി അവരുടെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടും ഉപവസിച്ചുകൊണ്ട് ആരാധന നടത്തിക്കൊണ്ടും അവർ തയ്യാറെടുക്കുകയായിരുന്നു (9:1–3 കാണുക).

അതുപോലെ, നമ്മുടെ ഇടവകകൾ, കുടുംബങ്ങൾ, സഭാത്മക ഗ്രൂപ്പുകൾ, സന്യസ്തസമൂഹങ്ങൾ എന്നിവ ഒരുമിച്ചുള്ള യാത്രയ്ക്കായി തപസ്സുകാലത്ത് ക്ഷണിക്കപ്പെടുന്നു; ഈ കാലയളവിൽ, ദൈവവചനശ്രവണവും, ദരിദ്രരുടെ രോദനവും, ഭൂമിയുടെപോലും രോദനവും, നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി മാറുന്നു; ഉപവാസം ആത്മാർഥമായ മനസ്താപത്തിന്റെ അടിസ്ഥാനമായും തീരുന്നു. ഈ പശ്ചാത്തലത്തിൽ, മാനസാന്തരം എന്നു പറയുന്നത്, വ്യക്തിയുടെ മനഃസാക്ഷിയെ മാത്രം ബാധിക്കുന്നതല്ല, മറിച്ച് അത് നമ്മുടെ ബന്ധങ്ങളുടെയും സംഭാഷണത്തിന്റെയും ഗുണമേന്മ നിർണയിക്കുന്നതുമായി ഭവിക്കുന്നു. അതിന്റെ അർഥം യാഥാർഥ്യത്താൽ നാം വെല്ലുവിളിക്കപ്പെടാൻ അനുവദിക്കുകയും, എന്താണ് യഥാർഥമായും നമ്മുടെ ആഗ്രഹങ്ങളെ നയിക്കുന്നതെന്ന് തിരിച്ചറിയുകയും ചെയ്യുക എന്നതാണ്; അത് നമ്മുടെ സഭാത്മക സമൂഹങ്ങളെയും അതോടൊപ്പം മനുഷ്യരാശിയുടെയും നീതിക്കും അനുരഞ്ജനത്തിനുമുള്ള അഭിവാഞ്ജയെയും ബാധിക്കുന്നതാണ്.

പ്രിയ സുഹൃത്തുക്കളേ, ദൈവത്തോടും നമ്മുടെ ഇടയിലുള്ള ഏറ്റവും എളിയവരോടും കൂടുതൽ ശ്രദ്ധ പുലർത്താൻ നമ്മെ നയിക്കുന്ന നോമ്പുകാലത്തിന്റെ കൃപയ്ക്കായി നമുക്ക് പ്രാർഥിക്കാം. നമ്മുടെ ഭാഷയുടെ ഉപയോഗത്തിൽപോലും വ്യത്യാസം വരുത്തുന്ന തലത്തിലുള്ള ഒരു ഉപവാസാനുഷ്ഠാനരീതിക്കായുള്ള ശക്തിക്കായി നമുക്ക് അപേക്ഷിക്കാം; അങ്ങനെ മുറിപ്പെടുത്തുന്ന വാക്കുകൾ കുറഞ്ഞ് മറ്റുള്ളവരുടെ ശബ്ദത്തിന് കൂടുതൽ ഇടംനൽകുന്ന ഭാവം ഉണ്ടാകട്ടെ. സഹനത്തിൽ ആയിരിക്കുന്നവരുടെ രോദനം സ്വാഗതം ചെയ്യുന്ന ഇടങ്ങളാക്കി നമ്മുടെ സമൂഹങ്ങളെ മാറ്റാൻ നമുക്ക് ശ്രമിക്കാം; നമ്മുടെ ശ്രവണം മോചനത്തിന്റെ പാതകൾ തുറക്കട്ടെ; അങ്ങനെ സ്നേഹത്തിന്റെ ഒരു നാഗരീകത പടുത്തുയർത്തുന്നതിന് സംഭാവന നല്കാൻ നാം സന്നദ്ധരായിരിക്കുകയും ഉത്സുകരാവുകയും ചെയ്യട്ടെ.

നിങ്ങളുടെ നോമ്പുകാലതീർഥാടനത്തെയും നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

2026 ഫെബ്രുവരി അഞ്ചാം തീയതി കന്യകയും രക്തസാക്ഷിയും ആയ വിശുദ്ധ ആഗത്തയുടെ സ്മരണാ ദിനത്തിൽ വത്തിക്കാനിൽനിന്നു നല്കിയത്.

**ലിയോ പതിനാലാമൻ പാപ്പാ**

# കച്ചേരിക്കാര്യം

## 1) അഭിവന്ദ്യ കർദിനാൾ ആന്റണി പടിയറ പിതാവിന്റെ ചരമവാർഷികം



അഭിവന്ദ്യ കർദിനാൾ ആന്റണി പടിയറ പിതാവിന്റെ 26-ാം ചരമവാർഷികം മാർച്ച് 23-ാം തീയതിയാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു. വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## 2) അഭിവന്ദ്യ കർദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ ചരമവാർഷികം ഏപ്രിൽ 1-ന്



അഭിവന്ദ്യ കർദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ 15-ാം ചരമവാർഷികം ഏപ്രിൽ 1-ാം തീയതിയാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു. വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## 3) സ്വതന്ത്ര ഇടവകകൾ

പറവൂർ-കോട്ടയ്ക്കാവ് സെന്റ് തോമസ് ഫൊറോനാ പള്ളിയുടെ കുരിശുപള്ളിയായിരുന്ന **പല്ലംതുരുത്ത് സെന്റ് മേരീസ്** പള്ളിയെ BO/PLTRT/3 നമ്പർ കല്പനയിലൂടെ 2026 ഫെബ്രുവരി 5-ാം തീയതിയും, കൊറ്റമം സെന്റ് ജോസഫ്സ് പള്ളിയുടെ കുരിശുപള്ളിയായിരുന്ന **കളമ്പാട്ടുപുരം സേക്രഡ് ഹാർട്ട്** പള്ളിയെ BO/KBPRM/5 നമ്പർ കല്പനയിലൂടെ 2026 ഫെബ്രുവരി 8-ാം തീയതിയും മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് സ്വതന്ത്ര ഇടവകകളായി ഉയർത്തി.

## 4) TRANSFERS AND APPOINTMENTS

| | |
|---|---|
| Alakkadan Peter | Njaralloor |
| Ambalathingal Varghese | Joint Director, Lisie Hospital (Relieved - Chief Editor, Light of Truth) |
| Appadan Antony (Akhil) | Antopuram (Relieved - Asst. Executive Director - Naipunnya Public School, Edakkunnu) |
| Arampilly Paul (Jismon) | Karimugal & Ambalamedu |
| Athappilly George | Medical Leave |
| Athappilly Paul | Kodussery |
| Avallil Xavier | Thalayolaparambu |
| Bharanikulangara Paul (Jino) | Vyttila & Joint Director, Sahrudaya (Relieved - Director, KCYM) |
| Chakiath Elias (Biju) | Relieved - Director, Cardinal Mission Home, Devagiri |
| Chakiath Kuriakose (Joy) | Aluva |
| Chathely Jose | Spiritual Director, Emmanuel Christeen Ministry, Malayattoor (Additional) |
| Cheerakathil Thomas (Sinto) | Asst. Director, Naipunnya International, Renewal Centre (Additional) |
| Cherpanath Shanly | Vimalagiri |
| Chethimattam Abraham (Ginu) | Asst. Director, Naipunnya College, Cherthala (Additional) |
| Chirackal Xavier (Abin) | Director, KCYM & Co-ordinator, Social Welfare Centre Kalamassery + Study-Rajagiri |
| Chittinappilly Paul | Mattoor |
| Edappulavan Jibin Jolly OFM. Conv. | Malayattoor-Kurisumudi Shrine (Ministry) |
| Edassery Antony (Akhil) | Chittanad |
| Edassery Antony (Ebin) | Pandupara & Plantation X Block |
| Edassery Joseph (Ebey) | Relieved - Director, Sacred Music |
| Edassery Martin (Sminto) | Maruthorvattam |
| Enchakattumannil Mathew (Jessab) | Elavoor St. Mary's & Coordinator-Assisi School, Athani |
| Eraly Mathew | Retired |
| Eravimangalam Antony (Sunny) | Narakkal |
| Eravimangalam Kuriakose (Jimmy) | Naduvattam + Kannimangalam |
| Inchackal Celestine | Kakkanad - Resident Priest |
| Jibin Shaji OFM Cap. | Kudavechoor Asst. |

| | |
|---|---|
| Kachappally Paul | Ezhikkara |
| Kaiprampatt Joseph (Jomon) | Mambra |
| Kaiprampatt Sebastian | Vijopuram |
| Kalapparambath Thomas (Joshy) | Kudavechoor |
| Kalathiparambil Kuriakose (Juby) | Director, Naipunnya International & Naipunnya Overseas (Additional) |
| Kaliyankara Varghese (Alan) | Sebiyoor |
| Kallilan Alex CMI | Palluruthy Asst. |
| Kallookadan Michael (Bagio) | Nedungad |
| Kandathil Joseph (Biju) | Palarivattam |
| Kanjirakattukari Peter (Saneesh) | Olive Mount & Project Monitoring in Charge L.F. Saurabhya, Munnoorpilly |
| Kannambilly Joseph (Sanjo) | Study (Relieved – Kalambattupuram & Asst. Director, CML) |
| Kannampuzha Joseph (Reju) | Executive Director, Lisie Cancer Centre & Construction Co-ordinator |
| Kannampuzha Varghese (Santo) | Sebipuram |
| Kannaparamban Joseph (Saje Peter) | Karayamparambu |
| Karachira Paul | Santhome Bhavan, Pothy (Residence) |
| Karedan Antony (Solomon) | Ernakulam Basilica Asst. |
| Kariyil Thomas | Devagiri & Director, Cardinal Mission Home |
| Karumathy Joseph | Spiritual Director, Lisie Hospital |
| Kattakkakathoottu Antony (Bony) | Kizhakkumbhagam & Asst. Director Naipunnya International (Angamaly) |
| Kattezhath Alex | Medical Leave |
| Kavalipadan Francis | Kuthiathodu New |
| Kavalippadan Varkey (Jithin) | Koovappadam |
| Kidangen Abraham | Thiruhrudayakunnu |
| Kiliyelkudy Paul (Anil) | Assistant Finance Officer - Archbishop's House (Relieved - Director, CML) |
| Koikkara Peter (Shabu) | Calvary (Munnoorpilly) |
| Kolenchery Joy | Annanad |
| Koluthuvally Raphael (Jaison) | Irimpanam |
| Koluthuvellil Joseph | Matha Nagar & Resident Manager, Deepika |
| Konattukuzhy Mathew | Karukutty Forane |
| Koovely Johnson | Joint Director, Dept. of Evangelization & Bible Apostolate (Additional) |
| Koovely Varghese (Sujith) | Vallam Asst. |
| Kozhikkadan Joseph | Relieved - Asokapuram Priest-in-Charge |

| | |
|---|---|
| Kunnekkadan Paul (Stenny) | Pushpagiri |
| Kurickavelichira Antony (Jithu) | Valliara & Ulavaipu |
| Kurisingal Mathew (Jeril) | Vocation Promoter (Relieved – Aluva Asst. & Asst. Executive Director, BMCCA, Choondy) |
| Kurisuthara Vipin CMI | Relieved - Panavally North |
| Madassery Abin CST | Angamaly Basilica - Resident Priest |
| Madassery Sibin CMI | Neeleeswaram Asst. |
| Madathil Joseph (Christy) | Study - Rajagiri (Additional) (Relieved - Asst. Director, Naipunnya International) |
| Madathumpady Antony | Vengoor |
| Madavanakad Joseph (Jomon) | Relieved - Vocation Promoter |
| Maippan Thomas (Ancil) | Joint Director, Naipunnya College, Cherthala |
| Makkothakkatt Jose | Vijo Bhavan (Relieved - Pallippuram, Resident Priest) |
| Maliakal Varkey (Athul) | Panavally North + College Study |
| Maliekkal Subhash MSC | Relieved - Kizhakkumbhagam |
| Maliyekkal Antony (Tony) | Kathikudam |
| Malpan Abin RCJ | Thuravoor North Asst. |
| Malpan Rocky (Suresh) | Palluruthy |
| Mampuzhakal James (Sachin) | Asst. Director, Dept. of Catechesis |
| Manavalan Praveen | Sanjo Nagar (Relieved - Joint Director, Mukthisadan) |
| Manickathan Joseph (Tony) | Thamarachalpuram & Asst. Exe. Director, BSOLS, Choondy (Relieved - Asst. Director, NIMIT, Pongam) |
| Manikyathan Joy (Miao) | Chaplain, Green Gardens Hospital, Cherthala |
| Manikathan George | Relieved - Karippassery Priest-in-Charge |
| Manjaly Jacob | Ezhattumugham & Vettilappara |
| Maramparambil Joseph (Benny) | Executive Director, Naipunnya College, Cherthala |
| Marottikkal Kuruvila | South Kalamassery |
| Mattekkatt Ashik CMI | Kottarappilly Asst. |
| Mavely Poulose (Gifin) | Puthencruz |
| Menachery Varghese (Akhil) | Padamugal (Additional) |
| Moonjely George | Fort Kochi |
| Mulavarickal Joseph (Don) | Secretary to the Archbishop |

| | |
|---|---|
| Mulavarickal Ouseph (Nikhil) | Arakkunnam & Asst. Director KCYM |
| Mulavarickal Varghese (Bibin) | Kattikkunnu Priest-in-Charge (Additional) |
| Naduparambil Mathew (Anson) | Kalambattupuram & Vice Chairman - PDDP |
| Nangelimalil Rojan | Executive Director, Lisie Medicity |
| Nariculam Thomas | Chowara |
| Nellissery George | University Centre |
| Nellissery Sebastian | Mattoor Town |
| Njaliyan Nelson ISch | Aluva Asst. |
| Njavarakkattu Augustine (Jithin) | Asst. Director, Dept. of Family Apostolate |
| Odanadan Stany RCJ | Relieved - Devagiri |
| Oliapurath Jose | Chief Editor, Light of Truth |
| Padannakkal Davis (Ajil) | Parappuram & Asst. Director, L.F. Hospital, Angamaly |
| Padayattil George (Varkey) | Koratty West |
| Padayattil Paul (Sr.) | Kongorppilly |
| Padayatty Antony (Nikhil) | Study (Relieved - Asst. Director, Dept. of Catechesis) |
| Painumkal Jose | Champannoor North |
| Palathingal Jose | Pallippuram - Resident Priest |
| Palathinkal Martin (Jerin) | Director, Sacred Music (Additional) |
| Palathinkal Sebin CMI | Konthuruthy Asst. |
| Palatty Joseph (Bijoy) | Thuthiyoor & Associate Manager, Mar Louis Arts and Book Centre |
| Palatty Varghese (V) | Vazhakkala |
| Paliakkara Joseph (Jomon) | Kokkamangalam |
| Pallippattu Paul (Nikhil) | Thanneermukkom |
| Pallupetta Simon | Relieved - Resident Manager, Deepika |
| Panatt Xavier (Binoy) | Relieved - Konthuruthy Asst. (Residence - Viani) |
| Parecattil Paul (Shiju) | Sabbatical Leave |
| Payyappilly Ignatius | Spiritual Director, St. Vincent de Paul Society (Additional), Residence - Renewal Centre, Kaloor |
| Pereppadan James | Asokapuram |
| Perumayan Antony Msgr. | Spiritual Director, Lisie Medicity |
| Perumayan Thomas (Joy) | Relieved – Sp. Director, St. Vincent de Paul Society |
| Plackal Vinod HGN | Relieved - Srambickal |
| Poonoly Sebastian (Bineesh) | Karippassery |

| | |
|---|---|
| Pottoly Sebastian | Director, CML (Additional) |
| Punnakkal George (Baby) | Rajagiri (Kaipra) |
| Puthenparambil George (Siby) | Relieved - Matha Nagar |
| Puthenpurackal Varghese (Sherin) | Naduthuruth |
| Puthiaparambil Antony | Director, Welfare Services Ernakulam (Sahrudaya) |
| Puthussery Jacob | Edappally Forane |
| Puthussery Jose (P) | Chaplain, St. Thomas Chapel, Chittoor & Associate Director, Dept. of Family Apostolate (Residence - Renewal Centre, Kaloor) |
| Puthussery Joseph (Sanu) | Pukkattupady & Joint Director, Mukthi sadan (Relieved - Joint Director, Dept. of Evangelization & Bible Apostolate) |
| Puthussery Thomas (K) | Prasannapuram |
| Puthuva Joshy | Relieved - University Centre |
| Thamaravely Joseph | Relieved - Director, Dept. of Evangelization & Bible Apostolate |
| Thanippilly Antony | Kizhakkambalam Asst. |
| Thannickal Jeril CMI | Kalamassery Asst. |
| Theckanath Sebastian | North Reg. Coordinator - Prison Ministry of India (Relieved - Spiritual Director, Emmanuel Christeen Ministry, Malayattoor) |
| Thekkanath Paul (Biju) | Edanad |
| Thekkinen Joseph | Konthuruthy & Director, Legion of Mary |
| Thengathara Kuriakose | Kodanad |
| Therully Thomas (Arun) | Study (Relieved - Koratty Asst) |
| Thettayil George (Charles) | Study (Relieved - Asst. Director, Dept. of Family Apostolate) |
| Thettayil Jacob (Jeslin) | Karukunnu & Asst. Executive Director, Bharata Mata College of Commerce and Arts, Choondy |
| Thiruthanathil Peter | Relieved - Ezhattumugham & Vettilappara (Residence - L.F. Saurabhya) |
| Thoppil Albin RCJ | Pazhanganad Asst. |
| Thottakkara Hormis | Leave |
| Thottungal Jetto | Kavil (Relieved - Asst. Director, Lisie Hospital) |
| Vadakkumpadan Sebastian (Jr.2) | Paravur (Kottakavu) Forane |
| Vandanamthadathil Sebastian VC | Muttom, Cherthala - Resident Priest |

| | |
|---|---|
| Vattakkara James (Jomish) | Srambickal (Relieved - Asst. Executive Director - BSOLS, Choondy) |
| Vazhakkala Antony | Relieved - Director, Legion of Mary |
| Vazhappilly Thomas (Robin) | Panthakkal & Asst. Executive Director - Naipunnya Public School, Edakkunnu |
| Veliyil Antony (Riju) | Elamakkara & Director, Dept. of Evangelization & Bible Apostolate |
| Vellattuparambil Varghese (Praveen) | Asst. Director, Social Welfare Centre, Kalamassery (Additional) |
| Vembulliyath Martin (Binu) | Kurumassery |

## 5) മനസ്സമ്മതത്തിനുമുൻപായി വിവാഹം വിളിച്ചുചൊല്ലാൻ അനുമതി നല്കാനുള്ള നടപടിക്രമം

2025 ഓഗസ്റ്റിൽ നടന്ന സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാം മെത്രാൻ സിനഡിന്റെ രണ്ടാം സമ്മേളനം, മനസ്സമ്മതത്തിനുമുൻപായി വിവാഹം വിളിച്ചുചൊല്ലാനുള്ള അനുവാദം നല്കാനുള്ള അധികാരം, ഫൊറോന വികാരിയിൽനിന്നു മാറ്റി, ഭാവി വധുവിന്റെയോ വരന്റെയോ ഇടവക വികാരിക്കു നല്കാൻ തീരുമാനിച്ചിരുന്നു.

തുടർന്ന്, ഈ തീരുമാനം നടപ്പിലാക്കുന്നതിലുണ്ടായ ചില ആശയക്കുഴപ്പങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനായി, 2026 ജനുവരിയിൽ നടന്ന മുപ്പത്തിനാലാം മെത്രാൻസിനഡിന്റെ ഒന്നാം സമ്മേളനം മുൻതീരുമാനത്തിൽ താഴെപറയുന്ന പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. അതനുസരിച്ചു, മനസ്സമ്മതത്തിനു മുൻപായി വിവാഹപരസ്യം ആരംഭിക്കുന്നതിനുള്ള അനുമതി, വധുവിന്റെയും വരന്റെയും ഇടവക വികാരിമാർ സംയുക്തമായാണ് നല്കേണ്ടത്. അതിനായി ഭാവി വധുവരന്മാർ സംയുക്തമായി അപേക്ഷ നല്കണം. സീറോമലബാർസഭയുടെ പ്രത്യേക നിയമം ആർട്ടി. 163 §2 ഭേദഗതി ചെയ്തു കൊണ്ടുള്ള മേജർ ആർച്ചുബിഷപ്പിന്റെ ഡിക്രിവഴിയാണ് (Prot. No. 0084/2026) ഇതു സംബന്ധിച്ച പുതിയ നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്നത്.

മനസമ്മതത്തിനുമുൻപു വിവാഹപരസ്യം ആരംഭിക്കുകയും വിവാഹത്തിനു മുൻപു മൂന്നു പ്രാവശ്യം പൂർത്തിയാക്കുകയും ചെയ്യുന്നതിനാണ് അനുമതി നല്കുന്നത്. ഇപ്രകാരം അനുമതി ലഭിക്കുന്നതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ താഴെക്കൊടുക്കുന്നു:

1. ഇതോടൊപ്പമുള്ള അപേക്ഷാഫോറത്തിലാണ് വിവാഹാർഥികൾ അപേക്ഷ സമർപ്പിക്കേണ്ടത്. ഈ അപേക്ഷാഫോറം എല്ലാ ഇടവകകളിലും ലഭ്യമാണെന്ന് രൂപതാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

2. ഈ അനുവാദം ആർക്കാണോ ആവശ്യമായിരിക്കുന്നത്, ആ വ്യക്തിയാണ് (ഒന്നാം കക്ഷി) അനുവാദത്തിനുള്ള നടപടിക്രമം ആരംഭിക്കേണ്ടത്. ഇതിനായുള്ള ഫോറം പൂരിപ്പിച്ചു കക്ഷികളുടെയും അവരുടെ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷിതാക്കൾ എന്നിവരുടെയും ഒപ്പോടുകൂടെ ഒന്നാം കക്ഷി തന്റെ ഇടവകവികാരിക്ക് (ഒന്നാം വികാരി) സമർപ്പിക്കുന്നു.
3. അപേക്ഷാഫോറത്തിൽ ഒപ്പിടാനുള്ള ആരെങ്കിലും സ്ഥലത്തില്ലാത്ത സാഹചര്യം വന്നാൽ സമയത്തിന്റെ കുറവുണ്ടെങ്കിൽ അവർക്കു ഒപ്പിടുന്നതിനായി അപേക്ഷ സ്കാൻചെയ്തു അയച്ചുകൊടുക്കുകയും അവർ ഒപ്പിട്ടു സ്കാൻ ചെയ്തു തിരിച്ചയക്കുന്ന അപേക്ഷ ഒന്നാം കക്ഷി ഒന്നാം വികാരിക്കു നല്കുകയും ചെയ്യുന്നു.
4. അപേക്ഷ ലഭിച്ചാലുടൻ, ഒന്നാം വികാരി ഫോറം പരിശോധിച്ച് അതിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വിവാഹം വിളിക്കുചൊല്ലേണ്ട തീയതികൾ അപേക്ഷകരോട് ആലോചിച്ചു നിശ്ചയിക്കുകയും ചെയ്യുന്നു. അതിനുശേഷം, അദ്ദേഹം ഫോറത്തിൽ ഒപ്പിട്ട് പള്ളിയുടെ സീലും വച്ച് ഒന്നാം കക്ഷി വഴി രണ്ടാം കക്ഷിയുടെ വികാരിക്കു (രണ്ടാം വികാരി) കൈമാറേണ്ടതാണ്.
5. ഒന്നാം വികാരി ഒപ്പിട്ട അപേക്ഷാഫോറം ലഭിക്കുന്നമുറയ്ക്കു രണ്ടാം വികാരി അപേക്ഷാഫോറത്തിൽ തന്റെ സമ്മതം രേഖപ്പെടുത്തി ഒപ്പിട്ടു സീൽവയ്ക്കുന്ന തോടെ അനുവാദം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നു. രണ്ടാം വികാരി ഈ അനുമതിയുടെ ഒരു പകർപ്പ് ഇടവകരേഖകളിൽ സൂക്ഷിക്കേണ്ടതും അനുമതിയുടെ അസൽ രണ്ടാം കക്ഷി മുഖേന ഒന്നാം വികാരിക്കു നല്കേണ്ടതുമാണ്.
6. ഈ നടപടികൾ പൂർത്തിയാകുമ്പോൾ അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ വിവാഹത്തിന്റെ വിളിച്ചുചൊല്ലൽ രണ്ട് ഇടവകകളിലും ആരംഭിക്കേണ്ടതാണ്.

സീറോമലബാർസഭയിലെ എല്ലാ അതിരൂപതകളിലും രൂപതകളിലും ഈ നടപടിക്രമം വിശ്വസ്തമായും ഏകീകൃതമായും പാലിക്കേണ്ടതാണ്. പലപ്പോഴും ഇതു രൂപതകൾ തമ്മിലുള്ള വിഷയമായി വരുമെന്നതിനാൽ, ഈ നടപടിക്രമങ്ങൾ രൂപതാധികാരികൾ എല്ലാ ഇടവക വികാരിമാരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ശരിയായ രീതിയിൽ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം.

ലത്തീൻ, സീറോ മലങ്കരസഭകളുമായുള്ള വിവാഹത്തെ സംബന്ധിച്ച് മുൻകൂട്ടി വിളിച്ചുചൊല്ലുന്നതിന് അവരുടെ രൂപതയിൽ നിന്നുള്ള ഫോം ഉണ്ടെങ്കിൽ അതിൽകൂടി ഒപ്പിട്ട് നൽകാൻ ശ്രദ്ധിക്കുമല്ലോ.

**സീറോമലബാർസഭ**

**.................................... രൂപത**

**മനസ്സമ്മതത്തിനുമുൻപു വിവാഹപരസ്യം നടത്തുന്നതിനുള്ള അപേക്ഷാഫോറം**

തിയ്യതി................

............................. പള്ളി വികാരി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷ

| | പ്രതിശ്രുത വരൻ | പ്രതിശ്രുത വധു |
|---|---|---|
| പേര് | | |
| മാമ്മോദീസ പേര് | | |
| വീട്ടുപേര് | | |
| പിതാവ് | | |
| മാതാവ് | | |
| ഇടവക | | |
| രൂപത | | |

| | | | |
|---|---|---|---|
| മനസ്സമ്മത തിയ്യതി | | വിവാഹ തിയ്യതി | |

ഞങ്ങൾ തമ്മിലുള്ള വിവാഹം നിശ്ചയിച്ചു. മനസമ്മതത്തിനും വിവാഹത്തിനുമിടയിൽ വിവാഹപരസ്യം നടത്താൻ ...................................................... കാരണത്താൽ സാധിക്കാതെ വരുന്നതിനാൽ മനസമ്മതത്തിനുമുൻപു വിവാഹപരസ്യം ആരംഭിക്കാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

പ്രതിശ്രുത വരൻ (പേര്, ഒപ്പ്)

.....................................................................

പ്രതിശ്രുത വധു (പേര്, ഒപ്പ്)

.....................................................................

മാതാപിതാക്കൾ/രക്ഷിതാക്കൾ (പേര്, ഒപ്പ്)

.....................................................................

.....................................................................

മാതാപിതാക്കൾ/രക്ഷിതാക്കൾ (പേര്, ഒപ്പ്)

.....................................................................

.....................................................................

**വിവാഹ പരസ്യ തിയ്യതികൾ**

| | | |
|---|---|---|
| | | |

ഒന്നാം വികാരി (പേര്, ഒപ്പ്)

..........................................................

പള്ളിയുടെ സീൽ

രണ്ടാം വികാരി (പേര്, ഒപ്പ്)

..........................................................

പള്ളിയുടെ സീൽ

.......................................................................................................................

1. അപേക്ഷ സ്വീകരിക്കുന്ന ഒന്നാം വികാരി ഒപ്പിട്ടതിനുശേഷം അപേക്ഷാഫോറം രണ്ടാം വികാരി ഒപ്പിടുന്നതിനായി ഒന്നാം കക്ഷി വഴി നല്കുന്നു.
2. രണ്ടാം വികാരി അപേക്ഷാഫോറത്തിൽ ഒപ്പിട്ടു ഇടവകരേഖകകളിൽ സൂക്ഷിക്കേണ്ടതിനായി ഒരു പകർപ്പ് എടുത്തതിനുശേഷം അനുമതിയുടെ അസൽ രണ്ടാം കക്ഷി മുഖേന ഒന്നാം വികാരിക്കു നല്കേണ്ടതാണ്.
3. മനസമ്മതത്തിനുമുൻപ് ആരംഭിക്കുകയും വിവാഹത്തിനുമുൻപ് മൂന്നു പ്രാവശ്യം പൂർത്തിയാക്കുകയും ചെയ്യുന്ന വിധത്തിലാണ് വിവാഹപരസ്യത്തിനുള്ള തീയതികൾ നിശ്ചയിക്കേണ്ടത്.

## 6) സിവിൽ രജിസ്ട്രേഷൻ നടത്തിയതിനുശേഷം പള്ളിയിൽ വിവാഹം നടത്തുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന വിധം

കുടുംബവിസ ലഭിക്കുന്നതിനായിമാത്രം, ദൈവാലയത്തിൽവച്ചു വിവാഹം പരികർമ്മംചെയ്യുന്നതിനുമുൻപ് ബന്ധപ്പെട്ട രൂപതാധ്യക്ഷന്റെ മുൻകൂർ അനുമതിയോടെ സിവിൽ രജിസ്ട്രേഷൻ നടത്താൻ 2023 സെപ്റ്റംബർ 21ലെ മേജർ ആർച്ചുബിഷപ്പിന്റെ ഡിക്രി വഴി (Prot. No. 1007/2023) അനുമതി നല്കിയിരുന്നു.

ഇത്തരത്തിൽ ആദ്യം സിവിൽ രജിസ്ട്രേഷൻ നടത്തിയ വിവാഹങ്ങൾ പിന്നീടു പള്ളിയിൽ കൂദാശാപരമായി നടത്തുമ്പോൾ, ഇടവകയിലെ വിവാഹ രജിസ്റ്ററിൽ ഏതു തീയതിയാണ് രേഖപ്പെടുത്തേണ്ടത് (സിവിൽ രജിസ്ട്രേഷൻ തീയതിയോ അതോ പള്ളിയിലെ വിവാഹത്തിന്റെ തീയതിയോ) എന്നതിനെക്കുറിച്ചു പലരും വ്യക്തത തേടുകയുണ്ടായി. ഇക്കാര്യത്തിൽ മെത്രാൻ സിനഡ് വ്യക്തത നല്കിയിരിക്കുന്നത് ഇനി പറയുംപ്രകാരമാണ്. ഇത്തരം എല്ലാ വിവാഹങ്ങളിലും, പള്ളിയിൽ വിവാഹം കൂദാശാപരമായി നടത്തിയ തീയതി മാത്രമാണ് വിവാഹ രജിസ്റ്ററിൽ വിവാഹതീയതിയായി രേഖപ്പെടുത്തേണ്ടത്. മുൻകൂട്ടി നടത്തിയ സിവിൽ രജിസ്ട്രേഷൻ തീയതി രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും.

അതുപോലെതന്നെ, ഇടവക വികാരിമാർ വിവാഹ സർട്ടിഫിക്കറ്റുകൾ നല്കുമ്പോൾ പള്ളിയിൽ കൂദാശാപരമായി നടത്തിയ വിവാഹത്തിന്റെ തീയതി മാത്രമേ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താവൂ എന്നും സിവിൽ രജിസ്ട്രേഷൻ തീയതി ഉൾപ്പെടുത്തിയുള്ള സർട്ടിഫിക്കറ്റ് നല്കാൻ പാടില്ല എന്നും പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ നടത്തുന്ന കൂദാശാപരമായ വിവാഹങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് കൊടുക്കേണ്ടതുമില്ല.

## 7) അതിരൂപതാ ഡയറക്ടറി

2026-27 വർഷത്തേക്കുള്ള അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ തയ്യാറെടുക്കുന്നു. അവസാനമായി ഡയറക്ടറി പ്രസിദ്ധീകരിച്ചത് 2021-22-ലാണ്. തിരുത്തലുകൾ വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ അവ 2026 മാർച്ച് 20-നകം അതിരൂപതക്കച്ചേരിയിൽ എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# നിര്യാതരായി



## ഫാ. ജോസഫ് പാലാട്ടി (Sr.)

**ജനനം: 26/11/1938**
**തിരുപ്പട്ടം: 11/03/1966**
**മരണം: 13/02/2026**

ബഹുമാനപ്പെട്ട ജോസഫ് പാലാട്ടിയച്ചൻ 1938 നവംബർ 26-ാം തീയതി ആനപ്പാറ അഗസ്റ്റിൻ അന്നമ്മ ദമ്പതികളുടെ മൂന്നു മക്കളിൽ ഒരാളായി ജനിച്ചു. ജേക്കബ്, സി. എലിസബത്ത് സി.എച്ച്.എഫ്. എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അതിരൂപത മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് കാർമൽ ഗിരി സെമിനാരിയിൽ തത്വശാസ്ത്രവും മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രവും പഠിച്ച് വൈദിക പരിശീലനം പൂർത്തിയാക്കി. 1966 മാർച്ച് മൂന്നാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ കൊരട്ടി പള്ളിയിൽ സഹവികാരിയായും പുഷ്പഗിരി, ഏലൂർ, പാതാളം, മാണിക്കമംഗലം, കാലടി, വേങ്ങൂർ, മാമ്പ്ര, പീച്ചാനിക്കാട്, തിരുമുടിക്കുന്ന്, കോടനാട്, എളവൂർ, കിടങ്ങൂർ, വല്ലകം, ആമ്പല്ലൂർ, സൗത്ത് തുറവൂർ, മുട്ടത്തിപ്പറമ്പ്, മാടക്കൽ എന്നീ പള്ളികളിൽ വികാരിയായും വൈക്കം നടേൽ, ഉല്ലല, ഞാറക്കൽ എന്നിവിടങ്ങളിൽ റസിഡന്റ് പ്രീസ്റ്റായും എളവൂർ യാനം മഠത്തിൽ ചാപ്ലിൻ ആയും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. കൂടാതെ ചെങ്ങൽ പ്രീസ്റ്റ് ഹോമിന്റെ ഡയറക്ടർ ആയും കാഞ്ഞൂർ ഐടിസി അസിസ്റ്റന്റ് പ്രിൻസിപ്പൽ ആയും സൗത്ത് തുറവൂർ ഐടിസിയുടെ ഡയറക്ടർ ആയും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്ന ജോസഫ് അച്ചൻ, കുറച്ച് നാളുകളായി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ശാരീരിക അസ്വസ്ഥതകൾ മൂലം 2026 ഫെബ്രുവരി 13-ാം തീയതി രാവിലെ ജോസഫച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോസഫച്ചന്റെ മൃതദേഹം ഫെബ്രുവരി 16-ാം തീയതി തിങ്കളാഴ്ച രാവിലെ 7.30-ന് എടക്കുന്ന് സെൻറ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ പൊതുദർശനത്തിനുവച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം കറുകുറ്റി ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട സേവ്യർ ആവള്ളിൽ

അച്ചൻ നടത്തി. തുടർന്ന്, അച്ചന്റെ മൃതദേഹം ഉച്ചയ്ക്ക് 12.00 വരെ ആനപ്പാറയിലുള്ള അച്ചന്റെ തറവാട് വീട്ടിൽ പൊതുദർശനത്തിന് വച്ചു. മൃതസംസ്കാരത്തിന്റെ രണ്ടാം ഭാഗത്തിന് ബഹുമാനപ്പെട്ട ജോസ് തോട്ടക്കര അച്ചൻ കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. വികാരി ജനറൽ പെരിയ ബഹുമാന പ്പെട്ട ആന്റോ ചേരാംതുരുത്തിയച്ചൻ മുഖ്യകാർമികത്വം വഹിച്ചു. മഞ്ഞപ്ര ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട വർഗീസ് പൊട്ടക്കലച്ചനും, മോൺസിഞ്ഞോർ വർഗീസ് ഞാളിയത്തച്ചനും, തോമസ് പൈനാടത്തച്ചനും, കുടുംബാംഗമായ വർഗീസ് പാലാട്ടിയച്ചനും, ഇടവകാംഗവും എം.സി.ബി.എസ്. പ്രൊവിൻഷ്യലുമായ സൈമൺ ചിറമേലച്ചനും, ജോസൂട്ടൻ പാലാട്ടി ആർ.സി.ജെ. അച്ചനും സഹകാർമ്മികരായിരുന്നു.

സുവിശേഷവായനക്കുശേഷം കുടുംബാംഗമായ ബഹുമാനപ്പെട്ട വർഗീസ് പാലാട്ടിയച്ചൻ ജോസഫച്ചനെ സുവിശേഷ ഗ്രന്ഥം മുത്തിച്ചു. കുർബാന മധ്യേയുള്ള സന്ദേശം നൽകിയത് ബഹുമാനപ്പെട്ട തോമസ് പൈനാടത്ത ച്ചനാണ്. ദീർഘനാളത്തെ ആത്മബന്ധം തനിക്ക് ജോസഫച്ചനുമായി ഉണ്ടെന്നും അതുകൊണ്ട് അച്ചന്റെ വിയോഗത്തിൽ തനിക്ക് ഏറെ ദുഃഖം ഉണ്ടെന്നും പറഞ്ഞുകൊണ്ടാണ് തോമസ് അച്ചൻ തന്റെ സന്ദേശം ആരംഭി ച്ചത്. മൈനർ സെമിനാരി മുതൽ ജോസഫച്ചനുമായി അടുത്ത ബന്ധം തനിക്കുണ്ടായിരുന്നെന്നും ജോസഫച്ചന്റെ പ്രവർത്തനങ്ങളും ശൈലികളും ദൈവസ്നേഹത്തിന്റെ പാരമ്യത്തിൽ നിന്നായിരുന്നെന്നും തോമസച്ചൻ അനുസ്മരിച്ചു. ജോസഫച്ചന്റെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ നമുക്ക് സന്തോഷിക്കാം എന്നും അച്ചൻ പറഞ്ഞു. 60 വർഷ ത്തോളം തന്റെ പൗരോഹിത്യത്തിലൂടെ അനേകർക്ക് ഒത്തിരിയേറെ അനുഗ്രഹവും ആശ്വാസവും ദൈവത്തിൽ നിന്ന് പകർന്നു നൽകുവാൻ ജോസഫച്ചന് സാധിച്ചു. സേവനം ചെയ്ത ഇടവകകളിൽ പാവപ്പെട്ടവരും എളിയവരുമായ ആളുകളുടെ കൂട്ടുകാരനായിരുന്നു ജോസഫച്ചൻ. അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവാൻ അച്ചൻ എപ്പോഴും തയ്യാറായിരുന്നു. തന്റെ ഇടവകയിൽ തൊഴിലില്ലാത്തവർക്കുവേണ്ടി തൊഴിൽ തേടി കൊടുക്കുവാനും സാമ്പത്തിക ഞെരുക്കങ്ങളിൽ ജീവിക്കുന്നവർക്ക് കഴിയുന്നവിധം സഹായം എത്തിക്കാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. ഉറച്ചനിലപാടുകളും ലളിതമായ ജീവിതവും ജോസഫച്ചന്റെ സവിശേഷതകളാണ്. ഒരുപക്ഷേ ഈശോ ജോസഫച്ചനെ ഒത്തിരിയേറെ സ്നേഹിച്ചതുകൊണ്ടായിരിക്കണം അച്ചന്റെ ജീവിതത്തിൽ ഒത്തിരിയേറെ സഹനങ്ങൾ ഉണ്ടായത് എന്ന് തോമസച്ചൻ അനുസ്മരിച്ചു. ഒരു നല്ല സമരിയാക്കാരൻ ആയിരുന്നു ജോസഫച്ചൻ. ജോസഫച്ചനിലൂടെ നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടാണ് തോമസച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചത്.

മൃതസംസ്കാരശുശ്രൂഷയുടെ അവസാന ഭാഗത്ത് മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് സഹകാർമികനായിരുന്നു. അജപാലന ശുശ്രൂഷയിൽ ജോസഫച്ചൻ നടത്തിയ അധ്വാനത്തെയും സ്വീകരിച്ച ക്ലേശങ്ങളെയും അഭിവന്ദ്യ മാർ റാഫേൽ പിതാവ് നന്ദിയോടെ സ്മരിച്ചു. പ്രീയപ്പെട്ട ജോസഫച്ചാ അങ്ങ് നൽകിയ സ്നേഹത്തിനും ലളിതമായ ജീവിതമാതൃകയ്ക്കും മുന്നിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!



**റവ. സിസ്റ്റർ സുമ CSN**

**സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം**

ജനനം : 25/01/1944

വ്രതവാഗ്ദാനം : 31/05/1969

മരണം : 09/02/2026



**റവ. സിസ്റ്റർ റോസ് മരിയ കൈതാരൻ SD**

**സെന്റ് മേരീസ് പ്രൊവിൻസ്, ചുണങ്ങംവേലി**

ജനനം : 24/08/1946

വ്രതവാഗ്ദാനം : 04/01/1970

മരണം : 05/02/2026

# Dept. of Archdiocesan Public Relations

**EKM/PRO/2026/1** **08-02-2026**

## സഭയിൽ ഭിന്നിപ്പിന് ബാഹ്യ ഇടപെടലുകളുണ്ടെങ്കിൽ അന്വേഷണ വിധേയമാക്കണം: എറണാകുളം-അങ്കമാലി അതിരൂപത

കൊച്ചി: സീറോ മലബാർ സഭയിലെ ആരാധനാക്രമ തർക്കത്തിൽ ഭിന്നിപ്പുകളുണ്ടാക്കുന്നതിന് ബാഹ്യശക്തികളുടെ ഇടപെടലുണ്ടായെന്ന ഭാരത കത്തോലിക്ക മെത്രാൻ സമിതി അധ്യക്ഷൻ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്റെ പ്രസ്താവന അതീവ ഗൗരവസ്വഭാവമുള്ളതാണ്. ഈ പ്രസ്താവനയെ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കെതിരായി ദുർവ്യാഖ്യാനം ചെയ്യാൻ സാമൂഹ്യമാധ്യമങ്ങളിൽ ചില നിക്ഷിപ്തതാല്പര്യക്കാർ ശ്രമിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം ആവശ്യമുണ്ട്. പോപ്പുലർ ഫ്രണ്ടിനെ റെയ്ഡ് ചെയ്ത ഒരു ഉദ്യോഗസ്ഥൻ പറഞ്ഞതനുസരിച്ച് അവരുടെ പദ്ധതികളിൽ സീറോമലബാർ സഭയിൽ ഭിന്നിപ്പുണ്ടാക്കുക എന്നത് ഒരുലക്ഷ്യമായിരുന്നു എന്ന പ്രസ്താവനയെ ആർക്കും തമസ്കരിക്കാനാവില്ല.

ഭാരത കത്തോലിക്ക സഭയുടെയും സീറോ മലബാർ സഭയുടെയും ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്ന അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് നടത്തിയ ഈ പ്രസ്താവനയിൽ ആരാണ് അദ്ദേഹത്തെ കാര്യങ്ങൾ ധരിപ്പിച്ചത് എന്നും അതിലേക്ക് എന്തൊക്കെ തെളിവുകൾ ലഭിച്ചതിന്റെ വെളിച്ചത്തിലാണ് ഗൗരവതരമായ പ്രസ്താവന നടത്തിയതെന്നും നിയമസംവിധാനങ്ങൾക്ക് മുൻപിൽ പറയുവാൻ പിതാവ് കടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ രാജ്യത്തെ നിയമസംവിധാനങ്ങൾ സമഗ്രമായ അന്വേഷണം നടത്തണം. വിഷയത്തിൽ വ്യക്തത വരുത്താൻ സഭാതലത്തിലും കൃത്യമായ അന്വേഷണങ്ങൾ നടത്താനും എത്രയും വേഗം ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്താനും ബന്ധപ്പെട്ടവർ തയ്യാറാകണം.

മതാന്തരബന്ധങ്ങളെപ്പോലും ബാധിക്കുന്നതരത്തിൽ ഈ പ്രസ്താവന പൊതുസമൂഹത്തിൽ വ്യാഖ്യാനിക്കപ്പെടുന്ന സാഹചര്യമുളവായിട്ടുള്ളതിനാൽ സത്യമറിയാൻ പൊതുസമൂഹത്തിനും അവകാശമുണ്ട്. മതേതര രാജ്യത്ത് മതത്തിന്റെ പേരിൽ ഭിന്നിപ്പ് ഉണ്ടാക്കാൻ ശ്രമിക്കുന്ന സാമൂഹ്യവിരുദ്ധ ശക്തികൾ ആരായാലും അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരികയും മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യണം. സമൂഹത്തിന്റെ സുസ്ഥിതിക്ക് മതങ്ങൾ തമ്മിലുള്ള സൗഹാർദത്തിന് എക്കാലവും പ്രാധാന്യം കൊടുത്തി

ട്ടുള്ള കത്തോലിക്കാ സഭയുടെ പൊതുസമീപനം എക്കാലവും മുറുകെപ്പിടിക്കുന്ന അതിരൂപത, വ്യത്യസ്ത മതങ്ങളിലുള്ളവരുടെ സഹവർത്തിത്വ സംസ്കാരത്തെ ആദരവോടെ കാണാൻ പ്രതിജ്ഞാബദ്ധമാണ്. മേൽപറഞ്ഞ വിഷയങ്ങളിൽ സത്വര നടപടികൾ കൈക്കൊള്ളണമെന്ന് എറണാകുളം-അങ്കമാലി അതിരൂപത ആവശ്യപ്പെടുന്നു.

ഫാ. പോൾ മേലേടത്ത്
P.R.O.

---

# METROPOLITAN TRIBUNAL

## Annual Report of Marriage Cases in 2025

**<u>Activity of the Tribunal in First Instance</u>**

**1. Cases for Process**

| | | |
|---|---|---|
| Cases pending at the beginning of the year 2025 | : | 28 |
| Cases introduced in 2025 | : | 137 |
| Total number of cases | : | 165 |

**2. Cases Disposed**

| | | |
|---|---|---|
| Affirmative Sentences | : | 126 |
| Negative Sentences | : | 0 |
| Shorter Process | : | 0 |
| Total Sentences | : | 126 |
| Cases Abandoned | : | 8 |
| Non-consumation | : | 0 |
| Total number of cases disposed | : | 134 |

**3. Cases pending at the end of the year 2025** : 31

**Fr. Antony Vazhakkala**
**Vicar Judicial**

# വാർത്തകളും വിശേഷങ്ങളും

## അപരനുമായുള്ള ബന്ധം ആരംഭിക്കുന്നത്, ശ്രവിക്കുവാനുള്ള ആഗ്രഹത്തിൽ നിന്നാണ്: പാപ്പായുടെ നോമ്പുകാല സന്ദേശം

'നമ്മുടെ വിശ്വാസത്തിന്റെ ഊർജ്ജം വീണ്ടെടുക്കാനും, ദൈനംദിന ഉത്കണ്ഠകൾക്കും വ്യതിചലനങ്ങൾക്കും ഇടയിൽ ഹൃദയം നഷ്ടപ്പെടാതിരിക്കാനും, ദൈവീക രഹസ്യം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ തിരികെ സ്ഥാപിക്കാൻ സഭ നമ്മെ ക്ഷണിക്കുന്ന സമയമാണ് നോമ്പ്', നോമ്പുകാലം മാനസാന്തരത്തിനുള്ള സമയമാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടും, തിരുവചനത്തിനു ചെവികൊടുത്തുകൊണ്ടും, ആത്മാവിന്റെ പ്രചോദനങ്ങളെ സ്വീകരിച്ചുകൊണ്ടും, ഈ സമയം ഫലപ്രദമാക്കണം. നോമ്പ് ശ്രവിക്കുവാനുള്ള സമയമാണെങ്കിൽ, ദൈവവചനത്തെ സ്വാഗതം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു മൂർത്തമായ പ്രവർത്തനമാണ് ഉപവാസമെന്നു പാപ്പാ ഓർമ്മപ്പെടുത്തി. എന്നാൽ ഉപവാസം ഭക്ഷണസാധങ്ങൾ ഉപേക്ഷിക്കുന്നതു മാത്രമല്ലെന്ന് ഓർമ്മപ്പെടുത്തിയ പാപ്പാ, അയൽക്കാരനെ ആക്രമിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്ന വാക്കുകൾ ഉപേക്ഷിക്കുവാനും, കുടുംബത്തിൽ, സുഹൃത്തുക്കൾക്കിടയിൽ, ജോലിസ്ഥലത്ത്, സമൂഹ മാധ്യമങ്ങളിൽ, രാഷ്ട്രീയ സംവാദങ്ങളിൽ, മാധ്യമങ്ങളിൽ, ക്രിസ്തീയ സമൂഹങ്ങളിൽ അപവാദങ്ങൾക്കു പകരം, വാക്കുകൾ അളന്നു ഉപയോഗിക്കുവാനും, ദയാപൂർവ്വമായ പെരുമാറ്റം വളർത്തിയെടുക്കുവാനും ഏവരെയും ക്ഷണിച്ചു.

## ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ പുതിയ പ്രസിഡന്റായി കർദിനാൾ ആന്റണി പൂള തിരഞ്ഞെടുക്കപ്പെട്ടു

ഇന്ത്യയിലെ 174 രൂപതകളിൽ നിന്നും, 257 മെത്രാന്മാർ അടങ്ങുന്ന, കത്തോലിക്കാ മെത്രാൻ സമിതിയുടെ പുതിയ പ്രസിഡന്റായി, ഹൈദരാബാദ് മെട്രോപൊളിറ്റൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ ആന്റണി പൂളയെ തിരഞ്ഞെടുത്തു. 2026 ഫെബ്രുവരി 7 ന്, ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ 37-ാമത് ജനറൽബോഡി യോഗത്തിൽ ഹൈദരാബാദ് മെട്രോപൊളിറ്റൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ കർദിനാൾ ആന്റണി പൂളയെ, മെത്രാൻ സമിതിയുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുത്തു. 1961 നവംബർ 15 ന് കർണൂൽ രൂപതയിലെ പോളൂരുവിലാണ് കർദ്ദിനാൾ ആന്റണി പൂള ജനിച്ചത്. 1992 ഫെബ്രുവരി 20 ന് പൗരോഹിത്യം സ്വീകരിച്ച് കടപ്പ രൂപതയിൽ അദ്ദേഹം സേവനം ആരംഭിച്ചു. ഷിക്കാഗോയിലെ ലയോള സർവകലാശാല

യിൽ അജപാലന ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടി. ഭാരതത്തിൽ നിന്നുള്ള ആദ്യ ദളിത് കർദിനാൾ എന്നനിലയിൽ, 'കഴിയുന്നത്ര ദരിദ്രരായ കുട്ടികളെ സഹായിക്കുക' എന്നതാണ് തന്റെ പ്രധാന ദൗത്യമെന്നു അദ്ദേഹം പറഞ്ഞു.

## 'ഞാൻ നിന്നെ മറക്കില്ല': 2026-ലെ ഗ്രാന്റ് പേരന്റ്സ് ഡേ പ്രമേയം

ഗ്രാന്റ്പേരന്റ്സിന്റെയും വയോധികരുടെയും ദിനത്തിനുള്ള പ്രമേയം ലിയോ 14-ാമൻ മാർപാപ്പ തിരഞ്ഞെടുത്തു. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള 'ഞാൻ നിന്നെ മറക്കില്ല' (ഏശയ്യാ 49:15) എന്ന വചനമാണ് ഈ വർഷത്തെ പ്രമേയം. പരിശുദ്ധ മറിയത്തിന്റെ മാതാപിതാക്കളും യേശുവിന്റെ ഗ്രാന്റ്പേരന്റ്സുമായ വിശുദ്ധരായ ജൊവാക്കിമിന്റെയും അന്നയുടെയും തിരുനാൾദിനമായ ജൂലൈ 26 -നാണ് 2026-ലെ ഗ്രാന്റ്പേരന്റ്സ് ഡേ. ഓരോ മനുഷ്യനോടുമുള്ള ദൈവത്തിന്റെ സ്നേഹം വാർധക്യത്തിന്റെ ബലഹീനതയുടെ നടുവിലും ഇല്ലാതാകുന്നില്ലെന്നും, ഒറ്റപ്പെട്ടും വിസ്മരിക്കപ്പെട്ടും കഴിയുന്ന മുതിർന്നവർക്ക് ആശ്വാസവും പ്രത്യാശയും നൽകുന്നതാണ് ഈ പ്രമേയം. പ്രായമായവരെ മറക്കാതിരിക്കാനും അവരുടെ സാന്നിധ്യം അനുഗ്രഹമായി കാണാനും കുടുംബങ്ങൾക്കും സഭാ കൂട്ടായ്മകൾക്കുമുള്ള ക്ഷണവുമാണ് ഇത്.

## മാധ്യമങ്ങളിലൂടെ സുവിശേഷം പ്രസംഗിച്ച ആർച്ചുബിഷപ് ഫുൾട്ടൺ ജെ ഷീൻ വാഴ്ത്തപ്പെട്ട പദവിയിലേക്ക്

ലോകപ്രശസ്ത സുവിശേഷകനായ ആർച്ചുബിഷപ് ഫുൾട്ടൺ ജെ. ഷീനിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്ക് വത്തിക്കാന്റെ പച്ചക്കൊടി. അമേരിക്കയിലെ പിയോറിയ രൂപത ബിഷപ്പിനാണ് ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് വത്തിക്കാനിൽ നിന്ന് ലഭിച്ചത്. ഇരുപതാം നൂറ്റാണ്ടിലെ സഭയിലെ ഏറ്റവും സ്വാധീനമുള്ള ശബ്ദങ്ങളിലൊന്നായിരുന്ന ഷീനിന്റെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനം യുഎസിലെ സഭയ്ക്ക് ചരിത്രപരമായ നിമിഷമാണ്. ടെലിവിഷൻ, റേഡിയോ തുടങ്ങിയ ആധുനിക മാധ്യമങ്ങളെ സുവിശേഷ പ്രഘോഷണത്തിനായി ഫലപ്രദമായി ഉപയോഗിച്ച വ്യക്തിയായിരുന്നു ആർച്ചുബിഷപ് ഷീൻ. 1952 മുതൽ 1957 വരെ അദ്ദേഹം അവതരിപ്പിച്ച 'ലൈഫ് ഈസ് വർത്ത് ലിവിംഗ്' എന്ന ടെലിവിഷൻ പരിപാടി ദശലക്ഷക്കണക്കിന് ആളുകളെ സ്വാധീനിക്കുകയും എമ്മി അവാർഡ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. 1979 ഡിസംബർ ഒൻപതിന് ഹൃദ്രോഗ ബാധയെ തുടർന്നാണ് ആർച്ചുബിഷപ് ഷീൻ അന്തരിച്ചത്.

# ഫാമിലി അപ്പോസ്തലേറ്റ്

## വിവാഹ ഒരുക്ക ധ്യാനം (MPR)

മാർച്ച് 09-11 (കലൂർ)
മാർച്ച് 16-18 (കാലടി)
മാർച്ച് 23-25 (കാലടി)
മാർച്ച് 30-01 (കാലടി)

ഏപ്രിൽ 06-08 (കലൂർ)
ഏപ്രിൽ 14-16 (കാലടി)
ഏപ്രിൽ 20-22 (കലൂർ)
ഏപ്രിൽ 28-30 (കാലടി)

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

## സൺഷൈൻ ധ്യാനം (65 വയസ്സ് കഴിഞ്ഞ മുതിർന്ന ദമ്പതികൾക്ക്)

മാർച്ച് 06-08 (20 ദമ്പതികൾക്ക് മാത്രം)

## അനുയാത്ര (ഓൺലൈൻ) യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി

മാർച്ച് 08

## സെമിനാർ (Senior Citizens)

മാർച്ച് 08 - ആയത്തുപടി

## ദമ്പതി ധ്യാനം (Contact Number 8078334522)

മാർച്ച് 13-15 (20 ദമ്പതികൾക്ക് മാത്രം)

## ഇടവക ധ്യാനം

മാർച്ച് 13-15 -പല്ലംതുരുത്ത്

## വിധവാ ധ്യാനം (Contact Number 9400929111)

മാർച്ച് 20-22

## എം.സി.സി. ധ്യാനം

മാർച്ച് 15 - സെൻട്രൽ സോൺ & നോർത്ത് സോൺ
മാർച്ച് 22 - ഈസ്റ്റ് സോൺ & സൗത്ത് സോൺ

## അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ഇടവകകൾക്കായി നൽകുന്ന പരിപാടികൾ :

• ഹോം മിഷൻ • ദമ്പതി ധ്യാനം • വിവാഹ വർഷം അനുസരിച്ച് ഗ്രൂപ്പുകളാക്കി ദമ്പതികൾക്ക് ഏകദിന/അർദ്ധദിന സെമിനാർ • സ്നേഹജ്വാല മൂന്ന് സായാഹ്നങ്ങളിൽ (30-40 ദമ്പതികൾക്ക് മാത്രമുള്ള ദാമ്പത്യ പരിശീലനം) • വിധവാ സെമിനാർ ഏകദിന /അർദ്ധദിന സെമിനാർ • യുവജന, കൗമാരം

വ്യക്തിത്വ വികസന സെമിനാർ • അമ്മമാർക്ക് സെമിനാർ • പിതാക്കന്മാർക്ക് സെമിനാർ • മുതിർന്ന പൗരൻമാർക്ക് സെമിനാർ • ഏകസ്ഥർക്കുള്ള പരിശീലന പരിപാടികൾ.

വിശദവിവരങ്ങൾ അറിയുവാൻ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക:

**ജീവാലയ ഫാമിലി പാർക്ക് (0484-2462607, 8281544111, 8078334522).**

**Web: www.jeevalaya.org, Email : jeevalayafamilypark@gmail.com**

**നന്ദി**

അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ അസി. ഡയറക്ടർമാരായി സേവനം ചെയ്ത ബഹു. റിജു വെളിയിൽ അച്ചനും, ബഹു. ചാൾസ് തെറ്റയിൽ അച്ചനും ഫൊറോന ഡയറക്ടർമാരായി സേവനം ചെയ്ത് സ്ഥലം മാറിപ്പോകുന്ന ഫാ. ജോമോൻ പാലിയേക്കര (കൊരട്ടി), ഫാ. കുര്യാക്കോസ് തേങ്ങാത്തറ (കറുകുറ്റി), ഫാ. ജിത്തു കുരീക്കാവെളിച്ചിറ (മൂക്കന്നൂർ), ഫാ. പോൾ പാറേക്കാട്ടിൽ (മൂഴിക്കുളം), ഫാ. പോൾ പടയാട്ടിൽ (കാഞ്ഞൂർ) എന്നിവർക്കും ഹൃദ്യമായ നന്ദിയും പുതിയ ശുശ്രൂഷകളിൽ പ്രാർത്ഥനയും ആശംസിക്കുന്നു.

**സ്വാഗതം**

അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ പുതിയ അസ്സോസിയേറ്റ് ഡയറക്ടർ ബഹു. ജോസ് പുതുശ്ശേരി അച്ചനും, അസ്സിസ്റ്റന്റ് ഡയറക്ടർ ബഹു. ജിതിൻ ഞവരക്കാട്ട് അച്ചനും ഹൃദ്യമായ സ്വാഗതവും ആശംസകളും.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# വിശ്വാസപരിശീലനകേന്ദ്രം

1. നന്ദിയും സ്വാഗതവും: 2025 ജൂലൈ 26-ാം തീയതി മുതൽ 2026 ഫെബ്രുവരി 28-ാം തീയതി വരെ അതിരൂപതാ വിശ്വാസപരിശീലന വിഭാഗത്തിന്റെ അസി. ഡയറക്ടർ ആയി സേവനം ചെയ്ത ബഹു. നിഖിൽ പടയാട്ടിൽ അച്ചന് നന്ദി. 2026 ഫെബ്രുവരി 28-ാം തീയതി അസി. ഡയറക്ടർ ആയി ചുമതലയേറ്റ ബഹു. സച്ചിൻ മാമ്പുഴക്കൽ അച്ചന് സ്വാഗതം.

2. മാർച്ച് 05-ാം തീയതി വ്യാഴം: IV മുതൽ IX വരെ ക്ലാസ്സിലെ ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 35-ൽ 28 മാർക്ക്) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സുകളും മാർക്ക് ലിസ്റ്റും മാർച്ച് 05-ാം തീയതിക്കകം

ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഈ ഉത്തരക്കടലാസ്സുകൾ വീണ്ടും അതിരൂപതാതലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക (വചനദീപം, പേജ് 37-38). സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശതമാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്.

3. മാർച്ച് 08-ാം തീയതി ഞായർ :

   a) ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സ് & പ്രൊമോട്ടേഴ്സ് മീറ്റ് (9.30 am - 1.00 pm)

   b) ഒന്നാം ക്ലാസ്സു മുതൽ ഒൻപതാം ക്ലാസ്സു വരെയുള്ള കുട്ടികളുടെ പരീക്ഷയുടെ മാർക്ക്, ഇന്റേണൽ മാർക്ക്, ഹാജർ ശതമാനം എന്നിവ ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി മാർച്ച് 08-ാം തീയതി ഞായറാഴ്ചയാണ്.

4. മാർച്ച് 12 വ്യാഴാഴ്ച ഫൊറോന ഡയറക്ടേഴ്സ് മീറ്റ് (10.00 am - 1.00 pm)

5. ഇന്റൻസീവ് ബൈബിൾ കോഴ്സ്: 30-ാമത് IBC യ്ക്ക് ഒരുക്കമായി അതിരൂപതാകേന്ദ്രം 'പ്രത്യാശ' എന്ന വിഷയത്തെ ആസ്പദമാക്കി LP, UP, HS വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള Hand Book തയ്യാറാക്കുന്നതാണ്. വിശ്വാസപരിശീലനത്തിന്റെ ഭാഗമായിട്ടുള്ള വേനൽക്കാലാവധിയിലെ കാറ്റിക്കിസം പ്രോഗ്രാമാണ് Intensive Bible Course. മാർച്ച് മാസം 30 മുതൽ ഏപ്രിൽ 1 വരെയുള്ള ദിവസങ്ങളിലും ഈസ്റ്റർ കഴിഞ്ഞ് ഏപ്രിൽ 6 മുതൽ 12 വരെയുള്ള ദിവസങ്ങളിലും ഇടവകയുടെ സൗകര്യമനുസരിച്ച് ദിവസങ്ങൾ തെരഞ്ഞെടുത്ത് IBC നടത്തണമെന്ന് ഓർപ്പിക്കുന്നു. ക്യാമ്പിനും ധ്യാനത്തിനും പകരമല്ല ഇന്റൻസീവ് ബൈബിൾ കോഴ്സ് എന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

6. പുനഃപരീക്ഷ: X, XII ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ ആയതിനാൽ ഈ ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള പുനഃപരീക്ഷ 2026 ഏപ്രിൽ 19-ന് ആയിരിക്കും. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

7. XI -ാം ക്ലാസ്സിലെ കുട്ടികൾക്ക് ഇടവകകളിൽ തന്നെ പുനഃപരീക്ഷ നടത്തി കാറ്റികോർപ്പിൽ മാർക്ക് എന്റർ ചെയ്യേണ്ടതാണ്.

വിശ്വാസപരിശീലനകേന്ദ്രത്തിനുവേണ്ടി,

**ഫാ. പോൾ മോറേലി**

**ഡയറക്ടർ**

എറണാകുളം
# ചിറ്റൂർ ധ്യാനകേന്ദ്രം
സ്നേഹശുശ്രൂഷാലയം

*'നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.' (യോഹ 15:4)*

## 2026 മാർച്ച് മാസത്തെ ആത്മീയശുശ്രൂഷകൾ

### ആന്തരികസൗഖ്യധ്യാനം (Inner Healing Retreat-IHR)

മാർച്ച് 06 വെള്ളി 5.00 pm - 11 ബുധൻ 8.00 am
മാർച്ച് 13 വെള്ളി 5.00 pm - 18 ബുധൻ 8.00 am
മാർച്ച് 20 വെള്ളി 5.00 pm - 25 ബുധൻ 8.00 am

### ആത്മാഭിഷേക ധ്യാനം (Holy Spirit Anointing Retreat-HAR)

മാർച്ച് 27 വെള്ളി 5.00 pm - മാർച്ച് 30 തിങ്കൾ 8.00 am

### ഏകദിന യുവജനകൺവെൻഷൻ (Abide Power Conference)

മാർച്ച് 14 ശനി 9.00 am - 3.00 pm

### മാസാദ്യവെള്ളി ഏകദിന കൺവെൻഷൻ

മാർച്ച് 06 വെള്ളി : 9.00 am - 3.00 pm

### ഏകദിനധ്യാനം (One Day Retreat)

മാസാദ്യവെള്ളി ഒഴികെ മറ്റെല്ലാ വെള്ളിയാഴ്ചകളിലും 9.00 am - 3.00 pm

### ജീസസ് ടീൻ ധ്യാനം

മാർച്ച് 30 തിങ്കൾ : 5.00 pm - ഏപ്രിൽ 01 ബുധൻ 3.00 pm

### Abide Night Vigil (എബൈഡ് യുവജനങ്ങൾക്കായി)

എല്ലാ ശനിയാഴ്ചകളിലും 6.30 pm - 9.30 pm

### ജാഗരണപ്രാർത്ഥന (Night Vigil)

എല്ലാ വെള്ളിയാഴ്ചയും 9.30 pm - ശനി 1.00 am

☞ എല്ലാ ദിവസവും കുമ്പസാരത്തിനും കൗൺസിലിങ്ങിനുമുള്ള സൗകര്യം ഉണ്ടായിരിക്കും.

☞ മധ്യസ്ഥ പ്രാർത്ഥന 24 മണിക്കൂറും ഉണ്ടായിരിക്കും.

ധ്യാനം ബുക്ക് ചെയ്യാനായി: Phone: 9446040508, 8606740508, 0484 2432508
Website: www.chittoorretreatcentre.org

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs for March 2026**

- Apply now to **Germany**'s top universities - Explore leading programs, affordable tuition, and global opportunities.
- Start your career with 1-year Master's programs in **Ireland** and take the next step towards a successful future.
- Study Masters in Nursing in **Australia** and build a rewarding healthcare career.
- New **IELTS** and **NICE (Naipunnya International Communicative English)** offline batches commence every Monday this March.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**March Programs**

- **Italian** (A1A2) Offline batch starts March 2nd.
- **German** (A1) Offline batch starts March 2nd.
- **French** (A1) Online batch starts March 2nd.
- **Spanish** (A1) Online batch starts March 2nd.
- Admissions are now open for Civil Service Regular, Sunday, Evening and Foundation batches.
- Admissions are now open for Civil Service Malayalam Optional Classes.
- For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**March Programs**

- **UGC NET/JRF** PAPER I & PAPER II – Offline & Online batch for 2026 JUNE exam. (Admissions now open for March batch).
- **BANK (IBPS, PO, CLERK, SO)** – Offline (New batch starts every Monday this March).

- **SSC (CGL, CHSL, MTS)** – Offline (New batch starts every Monday this March).
- **CUET (Common University Entrance Test)** – Online & Offline regular batches (Admission are now open for March batch).
- **RAILWAY RECRUITMENT BOARD**

  Graduate level (New batch starts every Monday this March).

  Undergraduate level (New batch starts every Monday this March).
- **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this March.
- **LAW ENTRANCE (CLAT, KLEE, CUSAT CAT – LLB)** Online (admission are now open for March batch).
- Fun – Filled **Summer Camp** for classes 5 to 8 starting this April.

### 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

- **IELTS, PTE & NICE (Naipunnya International Communicative English)** New Offline batches commence every Monday this March. Reserve your seat and get started.

### 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- Expert Guidance for Overseas Education and Counselling.

**Fr. Saje Kannaparamban**
**Director**

---

## സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### സ്വാഗതം, വിജയാശംസകൾ

സഹൃദയയുടെ ഡയറക്ടറായി ചുമതലയേൽക്കുന്ന ബഹുമാനപ്പെട്ട ആന്റണി പുതിയാപറമ്പിലച്ചനും ജോയിന്റ് ഡയറക്ടറായി ചുമതലയേൽക്കുന്ന ബഹുമാനപ്പെട്ട ജിനോ ഭരണികുളങ്ങരയച്ചനും ഹൃദ്യമായ സ്വാഗതവും വിജയാശംസകളും നേരുന്നു.

## തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയികളായി 49 സഹൃദയ അംഗങ്ങൾ

കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ സഹൃദയ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളായ 49 വനിതകൾ വിജയികളായി. വിജയികൾക്ക് സഹൃദയ സ്വീകരണം നൽകി.

## ബ്ലെസ് എ ഫാമിലി പദ്ധതി

നിർധന കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സ്വാശ്രയത്വത്തിലേക്കുള്ള വഴികാട്ടാൻ പ്രാദേശിക വിഭവസമാഹരണത്തോടെ ബ്ലെസ് എ ഫാമിലി പദ്ധതി ആരംഭിച്ചു.

## ഏർലി ഇന്റർവെൻഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു.

ആലുവ പുറയാറിൽ സഹൃദയയുടെ നേതൃത്വത്തിൽ കുട്ടികളിലെ ജനിതക വെല്ലുവിളികൾ കണ്ടെത്തുന്നതിനും തെറാപ്പികളിലൂടെ പരിഹരിക്കുന്നതിനുമായി സ്ഥാപിതമായ ഏർലി ഇന്റർവെൻഷൻ സെന്റർ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. പ്രവർത്തനസംബന്ധമായ വിവരങ്ങൾക്ക് ഫോൺ: 0484 2622233, 9061912233.

## വയനാട് ഭവന നിർമാണ പദ്ധതി

വയനാട് ഉരുൾപൊട്ടലിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്ക് അതിരൂപത സഹൃദയ വഴി നിർമിച്ചു നൽകുന്ന 10 വീടുകളുടെ നിർമാണം പൂർത്തിയാകുന്നു. വിലങ്ങാട് ദുരിതബാധിതർക്കായി അതിരൂപത നിർമിച്ച 7 ഭവനങ്ങളുടെ താക്കോൽദാനം അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു.

## കാൻസർ ഷീൽഡ് പ്രോഗ്രാം

രാജഗിരി ആശുപത്രിയുടെ സഹകരണത്തോടെ അർബുദ രോഗ സാധ്യതാ നിർണയ പരിശോധനയ്ക്കായുള്ള കാൻസർ ഷീൽഡ് പ്രോഗ്രാം മാർച്ച് 11 മുതൽ 13 വരെ തുറവൂർ സെന്റ് അഗസ്റ്റിൻ ഇടവകയിലും 18 മുതൽ 20 വരെ ചമ്പക്കര സെന്റ് ജെയിംസ് ഇടവകയിലും 25 മുതൽ 27 വരെ തൃപ്പൂണിത്തുറ ഫൊറോനാ ഇടവകയിലും സംഘടിപ്പിക്കുന്നു.

## സ്നേഹ മാനസികാരോഗ്യ പദ്ധതി

സ്നേഹ മാനസികാരോഗ്യ പദ്ധതിവഴിയുള്ള മരുന്നുവിതരണം മാർച്ച് 10 അങ്കമാലി, പറവൂർ, 12-ന് ചേർത്തല, വൈക്കം, 15-ന് പൊന്നുരുന്നി എന്നിങ്ങനെ മേഖലാതലത്തിൽ നടത്തുന്നു.

### വനിതാദിനാചരണം

സഹൃദയ സ്വയം സഹായസംഘങ്ങളുടെ ആഭിമുഖ്യത്തിൽ അന്തർദേശീയ വനിതാദിനാചരണം മേഖലാതലത്തിൽ മാർച്ച് 4-ന് ചേർത്തലയിലും 7-ന് അങ്കമാലിയിലും നടത്തുന്നു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

---

# അതിരൂപതാ ഡയറി

**ഫെബ്രുവരി 2026**

10 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് കൊരട്ടി പൊങ്ങം നൈപുണ്യ കോളേജിൽ 'കോളേജ് ഡേ' ഉദ്ഘാടനം ചെയ്ത് കോളേജിന് ഓട്ടോണമസ് പദവി ലഭിച്ചത് പ്രഖ്യാപിച്ചു.

12 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ആലുവ എം.എസ്.ജെ. നിർമ്മല പ്രൊവിൻഷ്യൽ ഹൗസിൽ ജോസഫ് പഞ്ഞിക്കാരൻ അച്ചനെ ധന്യനായി പ്രഖ്യാപിച്ചതിന്റെ കൃതജ്ഞതാബലി അർപ്പിച്ചു.

14 വിലങ്ങാട് ദുരിതബാധിതർക്കായി അതിരൂപത നിർമിച്ച 7 ഭവനങ്ങളുടെ വെഞ്ചരിപ്പും താക്കോൽദാനവും അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു.

15 പുനർനിർമ്മിച്ച മൂന്നാംപറമ്പ് (കാർമൽഗിരി) സെന്റ് മേരീസ് പള്ളിയിൽ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു.

16 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, ആനപ്പാറയിൽ ജോസഫ് പാലാട്ടി (Sr.) അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

19 സഹൃദയ വെൽഫെയർ സെന്ററിന്റെ നേതൃത്വത്തിൽ ആലുവ-പുറയാറിൽ സ്ഥാപിതമായ സഹൃദയ ഏർലി ഇന്റർവെൻഷൻ ആൻഡ് എംപവർ കേന്ദ്രം അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് വെഞ്ചിരിച്ച് ഉദ്ഘാടനം ചെയ്തു.

* * * * *

Statement about Ownership and other Particulars
about Newspaper **ERNAKULAM MISSAM**

| | | | |
|---|---|---|---|
| 1. | Place of publication | | Ernakulam |
| 2. | Periodicity of its publication | | Monthly |
| 3. | Printer's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam<br>P.B.No. 2580, Kochi 682031. |
| 4. | Publisher's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam<br>P.B.No. 2580, Kochi 682031. |
| 5. | Editor's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam<br>P.B.No. 2580, Kochi 682031. |
| 6. | Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital | | Archbishop of Ernakulam<br>Major Archbishop's House, Ernakulam<br>P.B.No. 2580, Kochi 682031. |

I, Fr. Biju Varghese, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

Date: 01/03/2026



# വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഭവനരഹിതരായവർക്ക്
# എറണാകുളം-അങ്കമാലി മേജർ അതിരൂപത നിർമ്മിച്ചു നൽകുന്ന
# ആദ്യഘട്ട ഭവനങ്ങളുടെ വെഞ്ചരിപ്പ്








RNI No. 3421/57
Date of Publication: 01-03-2026
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.

www.ernakulamarchdiocese.org